# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024-25

## സ്പോട്ട് അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

- **എന്താണ് സ്പോട്ട് അലോട്ട്മെന്റ്?**

  ബിരുദാനന്തര ബിരുദ കോഴ്സുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിലേക്കായി മേഖലാടിസ്ഥാനത്തിൽ ഒരു കേന്ദ്രത്തിൽ വച്ച് സർവകലാശാല നേരിട്ട് നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയാണ് സ്പോട്ട് അലോട്ട്മെന്റ്.

- **സ്പോട്ട് അലോട്ട്മെന്റിൽ ആർക്കൊക്കെ പങ്കെടുക്കാം ?**

  നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ള എല്ലാ വിഭാഗം (ജനറൽ, എസ്.സി, എസ്.റ്റി, എസ്.ഇ.ബി.സി, ഒ.ബി.സി, ഒ.ഇ.സി, ഒ.ബി.എച്ച്, ഒ.ബി.എക്സ്, എൽ.സി മുതലായ) വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.

- **നിലവിൽ ഒരു രജിസ്ട്രേഷനും ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥിക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുമോ?**

  സാധിക്കും, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികളെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ, ഒഴിവുള്ള പക്ഷം അലോട്ട്മെന്റ് പ്രോസസിലേക്ക് പരിഗണിക്കുന്നതാണ്.

❖ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിലേക്കായി വിദ്യാർത്ഥി എന്ത് ചെയ്യണം ?

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

❖ സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററുകളിൽ ആരെയൊക്കെ പ്രവേശിപ്പിക്കും ?

അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

❖ സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുമോ ?

സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുന്നതുകൊണ്ട് മാത്രം അലോട്മെന്റ് ലഭിക്കണമെന്നില്ല. ഒഴിവുള്ള കോളേജ് /കോഴ്സുകളിലേക്ക് അലോട്മെന്റ് ലഭിക്കാനാവശ്യമായ ഇൻഡക്സ് മാർക്ക്, റിസർവേഷൻ തെളിയിക്കുന്നതിലേക്കായുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിദ്യാർത്ഥികളുടെ കൈവശം ഉണ്ടെങ്കിൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

❖ എന്താണ് സീറ്റ് കൺവേർഷൻ ?

നിലവിലെ റിസർവേഷൻ മാനദണ്ഡ പ്രകാരം ഓരോ വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റിവച്ചിരിക്കുന്ന സീറ്റുകൾ അവരുടെ അഭാവത്തിൽ ഒഴിവ് വരുന്ന പക്ഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹരായ മറ്റ് വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റി നൽകുന്നു. (വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് പരിശോധിക്കുക)

- നിലവിൽ അഡ്മിഷൻ ലഭിച്ചവർക്ക് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കുമോ ?

  പങ്കെടുക്കാവുന്നതാണ്.

- സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്നവർ എന്തൊക്കെ ഡോക്യുമെന്റ്സ് കൊണ്ടുവരണം ?

  രജിസ്ട്രേഷൻ നടത്തിയ പ്രൊഫൈലിന്റെ പ്രിന്റൗട്ട്, യോഗ്യത, ജാതി (Non-creamy Layer Certificate for SEBC Candidates and OEC candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates)എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ / പകർപ്പുകൾ നിർബന്ധമായും കൈയിൽ കരുതേണ്ടതാണ്.

- എന്ത് അടിസ്ഥാനമാക്കിയാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്?

  റിസർവേഷൻ കാറ്റഗറിയിൽ പ്രസ്തുത റിസർവേഷന് അർഹമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും ഇൻഡക്സ് മാർക്കിന്റേയും അടിസ്ഥാനത്തിലും മറ്റ് സീറ്റുകളിൽ ഇൻഡക്സ് മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തപ്പെടുന്നത്.

- ഇൻഡക്സ് മാർക്ക് എവിടെ നിന്ന് മനസ്സിലാക്കാം ?

  ഓരോ വിഷയത്തിന്റേയും ഇൻഡക്സ് മാർക്ക് വിദ്യാർത്ഥിയുടെ ഓൺലൈൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാണ്.

- വേക്കൻസി പൊസിഷൻ എവിടെ നിന്ന് ലഭിക്കും?

  അഡ്മിഷൻ വെബ് സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുണ്ട് (https://admissions.keralauniversity.ac.in)

- സ്പോട്ട് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥിക്ക് അതേ അലോട്ട്മെന്റിൽ മറ്റ് സീറ്റുകളിലേക്ക് പ്രവേശനം ലഭിക്കുമോ?

  ഇല്ല. (ഒരു സോണിൽ അലോട്ട്മെന്റ് ലഭിക്കുന്നവരെ മറ്റൊരു സോണിലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.)

❖ സ്ലോട്ട് അലോട്ട്മെന്റിന് പുതിയ ഓപ്ഷൻ നൽകേണ്ടതുണ്ടോ ?

നൽകേണ്ടതില്ല. നിലവിൽ പ്രൊഫൈലിലുള്ള എല്ലാ കോഴ്സ് ഓപ്ഷനുകളും സ്ലോട്ട് അലോട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. (കോളേജ് മാനദണ്ഡമല്ല.)

❖ സ്ലോട്ട് അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീ അടക്കേണ്ടതുണ്ടോ ?

ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്ലോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| തിരുവനന്തപുരം | സെപ്റ്റംബർ 13 | All MSc, M.Com courses | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | സെപ്റ്റംബർ 18 | All MA courses | |
| കൊല്ലം | സെപ്റ്റംബർ 19 | All courses | എസ്. എൻ കോളേജ്, കൊല്ലം. |
| ആലപ്പുഴ | സെപ്റ്റംബർ 20 | All courses | മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര. |
| " കോളേജ് പ്രവേശനം സെപ്റ്റംബർ 23, 24 തീയതികളിൽ " | | | |

രജിസ്ട്രാർ

11/09/2024